# Kerala State Mental Health Authority

(*Constituted under section 45 of the Mental Healthcare Act 2017)*

---

No. A/936/2025/SMHA 29.12.2025

## ദർഘാസ് പരസ്യം

കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി കാര്യാലയത്തിലെ ആവശ്യങ്ങൾക്കായി 2022 ജനുവരി 1 നോ അതിനു ശേഷമോ രജിസ്റ്റർ ചെയ്തതും, ടാക്സി പെർമിറ്റ് ഉള്ളതും, 1 ലക്ഷം കിലോമീറ്ററിന് താഴെ ഓടിയിട്ടുള്ളതുമായ വെള്ള നിറത്തിലുള്ള എയർകണ്ടീഷൻ ചെയ്തിട്ടുള്ള ഒരു വാഹനം കരാർ അടിസ്ഥാനത്തിൽ ഡ്രൈവറോടു കൂടി വാടകയ്ക്ക് എടുക്കുന്നതിലേക്കായി വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്ന് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ഉദ്ദേശിക്കുന്ന വാഹനം | എണ്ണം | മിനിമം കിലോമീറ്റർ (പ്രതിമാസം) | കരാർ കാലാവധി | ദർഘാസ് ഡോക്യുമെന്റ് ഫീസ് | നിരതദ്രവ്യം |
|---|---|---|---|---|---|
| മാരുതി എക്സ് എൽ6/ മാരുതി എർട്ടിഗ | 1 | 1000 | 1 വർഷം | 800+18% GST | 4,000/- രൂപ |

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും: 13.01.2026 ന് 04:00 PM
ദർഘാസ് തുറക്കുന്ന തീയതിയും, സമയവും : 14.01.2026 ന് 11:30 AM.
ദർഘാസ് തുറക്കുന്ന സ്ഥലം: കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, റെഡ് ക്രോസ് റോഡ്,വഞ്ചിയൂർ,തിരുവനന്തപുരം –695 035.

ദർഘാസ് ഡോക്യുമെന്റ് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ (KSMHA) കാര്യാലയത്തിൽ നിന്നും ദർഘാസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ഓഫീസ് സമയത്ത് ലഭ്യമാക്കുന്നതാണ്. ആയതിന് ദർഘാസ് ഡോക്യുമെന്റ് ഫീസ് ഡിമാന്റ് ഡ്രാഫ്റ്റായി (Chief Executive Officer, Kerala State Mental Health Authority, Thiruvananthapuram എന്ന പേരിൽ) ലഭ്യമാക്കേണ്ടതാണ്. അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ദർഘാസ് ഡോക്യുമെന്റ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നപക്ഷം ദർഘാസ് ഡോക്യുമെന്റിന്റെ ഫീസ് ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ ദർഘാസ് സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനത്തിന് നിയമപരമായ ജി.എസ്.ടി, പാൻ എന്നീ രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

ഇതിലേക്കുള്ള ദർഘാസുകൾ **‘TENDER FOR HIRING VEHICLE FOR KERALA STATE MENTAL HEALTH AUTHORITY, THIRUVANANTHAPURAM’** എന്ന തലക്കെട്ടോടെ 13.01.2026 ന് 04:00 PM മണിക്ക് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം – 695 035 (0471–2472866) എന്ന വിലാസത്തിൽ താഴെ കൊടുത്തിരിക്കുന്ന മാതൃകയിലുള്ള പ്രൊഫോർമയും, ആവശ്യമായ രേഖകളും, നിരതദ്രവ്യമായ 4,800/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും (ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും “Chief Executive Officer, Kerala State Mental Health Authority” എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 3 മാസ കാലാവധി ഉള്ളത്) ഉൾപ്പെടെ സീൽഡ് കവറിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഡോക്യുമെന്റ് ഫീസ്, നിരതദ്രവ്യം എന്നിവയിൽ നിയമപരമായ ഇളവിന് അർഹരായ വ്യക്തികൾ/ സ്ഥാപനങ്ങൾ ആയതിന് ആധാരമായ രേഖകൾ ദർഘാസിനോപ്പം ഹാജരാക്കേണ്ടതാണ്. സ്വീകരിക്കുന്ന ദർഘാസുകൾ അവ നൽകിയവരുടെയോ അവരുടെ പ്രതിനിധിയുടെയോ (അധികാരപ്പെടുത്തിയ കത്ത് സഹിതം) സാന്നിധ്യത്തിൽ 14.01.2026 ന് 11:30 AM മണിക്ക് തുറന്ന് പരിശോധിക്കുന്നതാണ്.

നിരതദ്രവ്യം ലഭ്യമാക്കാത്ത ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

താഴെ പറയുന്ന സാഹചര്യങ്ങളിൽ നിരതദ്രവ്യം നിരാകരിക്കുന്നതാണ്.

a) ടെൻഡർ പ്രക്രിയയിൽ തെറ്റായ വസ്തുതകളോ, വ്യാജ രേഖകകളോ സമർപ്പിക്കുന്നത്.

b) ടെൻഡർ ഡോക്യുമെന്റിലെ ഏതെങ്കിലും നിബന്ധനകളോ, വസ്തുതകളോ മനപ്പൂർവ്വം ലംഘിക്കൽ.

c) ബിഡ് തുറന്നതിന് ശേഷം പിൻവലിക്കുക.

d) ടെൻഡർ ഉറപ്പിച്ചതിന് ശേഷം കരാറിൽ ഏർപ്പെടുന്നതിൽ നിന്നും പിൻമാറുക.

# <u>നിബന്ധനകൾ</u>

1. കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വാഹനം കേരള മോട്ടോർ വാഹന വകുപ്പ്, റീജിണൽ ട്രാൻസ്പോർട്ട് ഓഫീസ് എന്നിവയുടെ നിബന്ധനകൾ പാലിക്കപ്പെടുന്നതായിരിക്കണം.

2. കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വാഹനം 2022 ജനുവരി 1 നോ അതിന് ശേഷമോ രജിസ്റ്റർ ചെയ്തതായിരിക്കണം. ആയതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്, ടാക്സി പെർമിറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്.

3. കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വാഹനം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിലെ ജീവനക്കാരുടെയോ ജീവനക്കാരുടെ ബന്ധുക്കളുടെയോ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാവാൻ പാടുള്ളതല്ല.

4. സ്ഥാപനത്തിന്/വ്യക്തിക്ക് കരാർ ലഭിക്കുന്ന പക്ഷം, വാഹനത്തിന്റെ ഉടമസ്ഥാവകാശം കരാർ ലഭിക്കുന്ന സ്ഥാപനത്തിന്റെയോ/വ്യക്തിയുടേയോ പേരിൽ അല്ലെങ്കിൽ ടി വാഹനം ഒരു വർഷത്തേക്ക് ഉപയോഗിക്കുന്നതിന് വാഹനത്തിന്റെ ഉടമയും സ്ഥാപനം/വ്യക്തിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

5. കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വാഹനം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ഓഫീസ് പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ 7 ദിവസവും 24 മണിക്കൂറും ലഭ്യമാക്കണം (24*7). മിനിമം സേവനം രാവിലെ 8.30 മുതൽ വൈകുന്നേരം 6.30 വരെ ആയിരിക്കും. രേഖാമൂലമോ, വാക്കാലുള്ളതോ ആയ നിർദ്ദേശ പ്രകാരം കരാർ വ്യവസ്ഥകൾക്ക് വിധേയമായി 24 മണിക്കൂറും വാഹനം ലഭ്യമാക്കേണ്ടതാണ്.

6. കേന്ദ്ര സംസ്ഥാന സർക്കാരുകളിലോ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ ഒടുക്കേണ്ട എല്ലാ നികുതികൾ ഉൾപ്പെടെയുള്ള നിരക്കാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.

7. വാഹനത്തിന് കേരളത്തിൽ പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള ടാക്സി പെർമിറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

8. ദർഘാസ് ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനമായിട്ടുള്ള കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച പൂർണ അധികാരം KSMHA ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

9. വാഹനത്തിന്റെ വാടക നൽകുന്നതിലേക്കായി എല്ലാ മാസവും 10 –ാം തീയതിക്ക് മുമ്പായി ഇൻവോയിസും, യാത്രാവിവരവും അടങ്ങിയ സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

10. കരാർ കാലാവധിക്കുള്ളിൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ പ്രസ്തുത വാഹനം ഉപയോഗിക്കുവാൻ പാടുള്ളൂ. മറ്റു ആവശ്യങ്ങൾക്ക് യാതൊരു കാരണവശാലും വാഹനം ഉപയോഗിക്കുവാൻ പാടുള്ളതല്ല. യാത്ര ആരംഭിക്കുന്നതും, അവസാനിക്കുന്നതു മായ വിവരങ്ങൾ (സ്ഥലം, സമയം, ദൂരം) കൃത്യമായി സർക്കാർ അംഗീകൃത ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

11. മൂന്ന് മാസത്തിൽ ആകെ ഓടുന്ന ദൂരം കണക്കാക്കി അതിൽ അധികമായി ഓടി യിട്ടുള്ള (3000 കിലോമീറ്റർ കഴിഞ്ഞുള്ള ദൂരത്തിന്) ദൂരത്തിന് കിലോമീറ്ററിന് മൂന്ന് മാസത്തിൽ ഒരിക്കൽ അധിക പ്രതിഫലം നൽകുന്നതാണ്. വാഹന കരാർ ആരംഭി ക്കുന്നതും അവസാനിക്കുന്നതും മാസത്തിന്റെ ഇടയ്ക്ക് വരികയാണെങ്കിൽ കരാർ തുക ആനുപാതികമായി അനുവദിക്കുന്നതാണ്.

12. വാഹനത്തിന് സാങ്കേതിക മികവ് പുലർത്തുന്നതും ദർഘാസ് തുക കുറവായി രേഖപ്പെടുത്തിയിട്ടുള്ളവരിൽ നിന്നുമായിരിക്കും വാഹനകരാർ അനുവദിക്കുന്നത്.

13. കരാർ കാലയളവിൽ മുൻകൂട്ടി പ്രവചിക്കാനാവാത്ത പ്രത്യേക സാഹചര്യം (പ്രളയം, തടയാനാകാത്ത പകർച്ചവ്യാധി, പ്രകൃതി ദുരന്തങ്ങൾ, യുദ്ധം തുടങ്ങിയ വ) ഉണ്ടാകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ പരാമർശിച്ചിട്ടുള്ള സേവനം തടസ്സപ്പെടുന്ന സാഹചര്യത്തിൽ കരാറിൽ ഏർപ്പെടുന്ന ഇരുകക്ഷി കൾക്കും ആയതിന്മേൽ ഉണ്ടാകുന്ന കഷ്ടനഷ്ടത്തിന്മേൽ അവകാശവാദം ഉന്നയി ക്കാൻ സാധിക്കുന്നതല്ല. മേൽ അനിഷ്ട സാഹചര്യം മാറുന്നമുറയ്ക്ക് കരാർ തുടരുന്നതിന്മേലുള്ള അന്തിമ തീരുമാനം പൂർണമായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ നിക്ഷിപ്തമായിരി ക്കും.

14. കരാർ കാലഘട്ടത്തിൽ ടി വാഹനം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറി റ്റി കാര്യാലയത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിലെ അധികാരികളുടെ നിർദേശപ്രകാരം റിപ്പോർട്ടിങ് സമ യത്തിലും സ്ഥലത്തിനും മാറ്റം ഉണ്ടാകുന്നതാണ്.

15. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സമയാസമയങ്ങളിൽ വാഹനത്തിന്റെ മീറ്റർ പരി ശോധിക്കുകയും പരിശോധനയിൽ പിഴവ്/തെറ്റ് കണ്ടെത്തുകയാണെങ്കിൽ ബില്ലുക ളിൽ ഈ തെറ്റ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം

കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുമായി ഏർപ്പെടുന്ന കരാർ റദ്ദാക്കുന്നതും ഉൾപ്പടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

16. വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മറ്റ് അറ്റകുറ്റ പണികൾ, ഇൻഷ്യുറൻസ്, പാർക്കിംഗ് ഫീസ്, ടോൾ ഫീസ്, സർവീസ് ടാക്സ്, പുക പരിശോധന ചിലവ്, മറ്റ് നികുതികൾ തുടങ്ങിയ എല്ലാ ചിലവുകളും പൂർണ്ണമായും കരാർ ലഭിക്കുന്ന വ്യക്തിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമായിരിക്കും.

17. കരാറിന്റെയും, മറ്റ് നിരക്കുകളുടെയും കാലാവധി 1 വർഷമായിരിക്കും എന്നാൽ ഒരു മാസം മുമ്പ് അറിയിപ്പ് നൽകി യാതൊരു കാരണവും കൂടാതെ കരാർ റദ്ദാക്കാനുള്ള അധികാരം KSMHA ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

18. വാഹനം നല്ല പ്രവർത്തന ക്ഷമതയുള്ളതും, ഓരോ മാസത്തിലും കുറഞ്ഞത് രണ്ട് തവണ വാട്ടർ സർവ്വീസും, ഇൻന്റീരിയർ സർവ്വീസും നടത്തിയിരിക്കണം. എയർ കണ്ടീഷണർ, മ്യൂസിക് സിസ്റ്റം, വൃത്തിയുള്ള സീറ്റ് കവറുകൾ, ടൗവ്വലുകൾ എന്നിവ ഉള്ളതുമായിരിക്കണം. കൂടാതെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി നിർദേശിക്കുന്ന പ്രകാരം മോട്ടോർ വാഹന നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം വാഹനത്തിൽ ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

19. 1988 –ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 66 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചതും, കേന്ദ്ര സംസ്ഥാന ചുമതലയിലുള്ള സ്ഥാപനത്തിൽ വാഹനം രജിസ്റ്റർ ചെയ്തതുമായിരിക്കണം. കരാർ കാലാവധിയിൽ വാഹനത്തിന് പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരിക്കേണ്ടതാണ്.

20. വാഹനമോ, വാഹന ഏജൻസിയോ സർക്കാറിന്റേയോ, മോട്ടോർ വാഹന വകുപ്പിന്റേയോ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാകണം.

21. ദർഘാസിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്തതും, കൃത്യമായ രേഖകൾ കൃത്യസമയത്ത് ഹാജരാക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്.

22. സേവന ദാതാവ് താഴെ പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേതാണ്.

a) സേവനം നൽകുന്ന സ്ഥാപനം അല്ലെങ്കിൽ വ്യക്തിക്ക് ജി.എസ്.ടി രജിസ്ട്രേഷൻ, പാൻ കാർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

b) വാഹനത്തിലെ ഡ്രൈവർക്കുള്ള ശമ്പളം നൽകൽ സേവനദാതാവിന്റെ ഉത്തരവാദിത്വമാണ്. ടി വിഷയത്തിൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത്

അതോറിറ്റിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ടി വാഹനത്തിലെ ഡ്രൈവറെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ജീവനക്കാരനായി കണക്കാക്കുന്നതല്ല.

c) കരാർ ലഭിക്കുന്ന സ്ഥാപനം ചുമതലപ്പെടുത്തുന്ന ഡ്രൈവറുടെ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ലഭ്യമാക്കേണ്ടതാണ്.

d) വാഹനം കൃത്യസമയത്ത് ലഭ്യമാക്കുന്നതിലേക്കായി ഡ്രൈവറുടെ മൊബൈൽ, ലാന്റ് ലൈൻ നമ്പറുകൾ ലഭ്യമാക്കേണ്ടതാണ്.

e) യോഗ്യതയും, മുൻപരിചയവും, സാധുവായ ലൈസൻസും ഉള്ള ഡ്രൈവറെ ലഭ്യമാക്കേണ്ടതും വാഹനത്തിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും, മറ്റ് സാധനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുമാണ്.

f) ഡ്രൈവർ യാത്രാ സമയത്ത് മൊബൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല.

g) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ കരാർ പ്രകാരം നൽകിയ വാഹനം കരാർ നിലനിൽക്കുന്ന സമയത്ത് കരാറുകാരൻ മറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കരാർ ലംഘനമായി കണക്കാക്കുന്നതാണ്.

h) ഡ്രൈവർ ഓഫീസർമാരോട് മാന്യമായി പെരുമാറേണ്ടതും, കൃത്യനിഷ്ഠ പാലിക്കേണ്ടതുമാണ്. പ്രവർത്തി സമയങ്ങളിലോ, യാത്രാ വേളകളിലോ ഡ്രൈവർ മദ്യമോ, ലഹരി പദാർത്ഥങ്ങളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഡ്രൈവറുടെ പെരുമുറ്റദൂഷ്യത്തിന് സേവനദാതാവ് ഉത്തരവാദിയായിരിക്കും.

i) ഡ്രൈവറുടെ മോശമായ പെരുമാറ്റം, കൃത്യവിലോപം കാരണം പുതിയ ഡ്രൈവറെ നിയമിക്കുന്നതിന് സേവന ദാതാവിന് നിർദ്ദേശം നൽകാനും അല്ലാത്തപക്ഷം കരാർ റദ്ദാക്കാനുമുള്ള അധികാരം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിക്കായിരിക്കും.

j) വാഹനത്തിന്റെ ആർ.സി. ബുക്ക്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് പോളിസി എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അധികാരപ്പെട്ട

ഉദ്യോഗസ്ഥന് നൽകേണ്ടതും അവ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

k) ടെണ്ടർ നടപടി സമയത്ത് നൽകുന്ന വിവരങ്ങളുടെ കൂടെ ലഭ്യമാക്കുന്ന വാഹനത്തിന്റെ രജിസ്റ്റർ നമ്പർ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

l) കരാർ രേഖയിൽ പ്രതിപാദിക്കുന്ന വാഹനം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂർ രേഖാമൂലമുള്ള അനുവാദമില്ലാതെ മാറ്റുവാൻ പാടുള്ളതല്ല.

m) കരാറിൽ പറഞ്ഞിരിക്കുന്ന വാഹനം ഏതെങ്കിലും കാരണംകൊണ്ട് ലഭ്യമാക്കാൻ സാധിക്കാതെ വന്നാൽ കൃത്യസമയത്ത് തന്നെ അതേ വിഭാഗത്തിൽപ്പെട്ട മറ്റൊരു വാഹനം ലഭ്യമാക്കേണ്ടതാണ്.

n) ഡ്രൈവറുടെ അശ്രദ്ധകൊണ്ടോ, വാഹനത്തിന്റെ കുഴപ്പം കൊണ്ടോ ഉണ്ടാകുന്ന അപകടങ്ങളിൽ മൂന്നാമത് ഒരാൾക്കോ, സ്ഥാവരജംഗമ വസ്തുകൾക്കോ ഉണ്ടാകാനിടയുള്ള നാശനഷ്ടങ്ങളിൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

o) വാടകയ്ക്കെടുക്കുന്ന വാഹനം ജില്ലക്ക് പുറത്ത് രാത്രി 10.00 മണിക്ക് ശേഷം ഹാൾട്ട് ചെയ്യുന്നതിന് 300 രൂപ ഡ്രൈവർക്ക് ബാറ്റ അനുവദിക്കുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ ഡ്രൈവറുടെ താമസം, ഭക്ഷണം മുതലായവ ക്രമീകരിക്കുന്നതിൽ അതോറിറ്റിക്ക് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

p) ഡ്രൈവർ ഡ്യൂട്ടി സമയങ്ങളിൽ മോട്ടോർ വാഹന നിയമാനുസൃതമായി യൂണിഫോം ധരിക്കേണ്ടതാണ്.

23. മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ വന്നാൽ താഴെ പറയുന്ന രീതിയിൽ പിഴ ഈടാക്കുന്നതാണ്.

| നം. | ലംഘനങ്ങൾ | പിഴ |
|---|---|---|
| 1. | വാഹനം വൈകി ലഭ്യമാക്കുക | ഒരു ദിവസത്തെ വാടകയുടെ 50%. |
| 2. | വാഹനം ലഭ്യമാക്കാതിരിക്കുക | ഒരു ദിവസത്തെ മുഴുവൻ വാടക.. |
| 3. | കൃത്യമായി അറ്റകുറ്റപണികൾ, വാട്ടർ സർവ്വീസ്, ഇന്റീരിയർ സർവ്വീസ് എന്നിവ നടത്താതിരിക്കുക | ഒരു മാസം 2000 രൂപ. |
| 4. | ഡ്രൈവർ ജോലിചെയ്യാൻ വിസമ്മതിക്കുക | ഒരു ദിവസത്തെ മുഴുവൻ വാടക. |

| | | |
|---|---|---|
| 5. | മുൻകൂർ അനുവാദമില്ലാതെ ഡ്രൈവറെ മാറ്റുക | 500 രൂപ/ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി തീരുമാനിക്കുന്ന തുക. |
| 6. | വാഹനം വൃത്തിയായി സൂക്ഷിക്കാതിരിക്കുക. | ഒരു ദിവസത്തെ വാടകയുടെ 50%. |
| 7. | നിബന്ധന പ്രകാരം നിർദേശിച്ചിട്ടുള്ള യൂണിഫോം ധരിക്കാതിരിക്കൽ | 100 രൂപ. |

24. വാഹനത്തിന്റെ ലോഗ് ബുക്കിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനം ഉപയോഗിക്കുന്ന ഓഫീസർമാരുടെ ഒപ്പോടുകൂടിയ ബിൽ തൊട്ടടുത്ത മാസം 10–ാം തീയതിക്ക് മുമ്പ് ലഭ്യമാക്കേണ്ടതാണ്. ഏതൊരു കാരണവശാലും മുൻകൂറായി തുക അനുവദിക്കുന്നതല്ല.

25. കരാർവ്യവസ്ഥകളും, നിബന്ധനകളും കൃത്യമായി പാലിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ രണ്ട് തവണയിൽ കൂടുതൽ ലംഘിക്കുന്ന പക്ഷം യാതൊരറിയിപ്പും കൂടാതെ കരാർ കാലാവധിക്കുള്ളിൽ കരാർ റദ്ദാക്കാനുള്ള അധികാരം അതോറിറ്റിയുടെ ചീഫ് എക്സിക്യുട്ടീവ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

26. കരാർ ഉറപ്പിക്കുന്ന വ്യക്തി/സ്ഥപാനത്തിന്റെ ഒഴികെ ദർഘാസിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ഒരു മാസത്തിനകം തിരികെ നൽകുന്നതാണ്.

27. കരാർ ഉറപ്പിക്കുന്ന വ്യക്തി 7 ദിവസത്തിനകം സെക്യൂരിറ്റി ഡിപ്പോസിറ്റായി വാർഷിക കരാർ തുകയുടെ 5% (നിരതദ്രവ്യം കിഴിച്ചുള്ള തുക) ഡി.ഡി/ബാങ്ക് ഗ്യാരന്റി (നിശ്ചിത മാതൃകയിൽ) മുഖാന്തിരം ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം – 695 035 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ടി തുക കരാർ കാലാവധിക്ക് ശേഷം തിരികെ ലഭ്യമാക്കുന്നതാണ്. കരാർ വ്യവസ്ഥയിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ ലഭ്യമാക്കുന്നതല്ല. കരാർ കാലത്തുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന് പലിശ അനുവദിക്കുന്നതല്ല.

28. കരാർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം അനുമതി ലഭിച്ച് ഒരാഴ്ചക്കുള്ളിൽ 200 രൂപ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ നിർദിഷ്ട മാതൃകയിൽ കരാറിലേർപ്പെടേണ്ടതാണ്.

29. കരാർ ലഭിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് കരാർ കാലാവധിയിൽ വാഹനം ലഭ്യമാക്കുവാൻ സാധിക്കാതെ വരുന്ന പക്ഷം 30 ദിവസത്തെ മുൻകൂർ അറിയിപ്പ് രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

30. കരാർ ലഭിച്ച് 10 ദിവസത്തിനുള്ളിൽ ഡ്രൈവറുടെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

31. കരാർ സംബന്ധിച്ച് തർക്കമുണ്ടാകുന്ന പക്ഷം കോടതി വ്യവഹാരം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ഓഫീസ് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള കോടതിലായിരിക്കുന്നതാണ്.

32. യാതൊരു കാരണവും കൂടാതെ ദർഘാസ് റദ്ദാക്കുന്നതിനുള്ള അധികാരം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

(sd/-)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി
ഫോൺ : 0471–2472866

<u>പ്രൊഫോർമ</u>

<u>വാഹനം നൽകുന്നതിനായുള്ള അപേക്ഷാ ഫോറം</u>

<table>
<tr><td>1.</td><td colspan="2">ദർഘാസ് സമർപ്പിക്കുന്ന വ്യക്തി യുടെ/സ്ഥാപനത്തിന്റെ പേര്, മേൽവിലാസം (മൊബൈൽ നമ്പർ ഉൾപ്പെടെ)</td><td colspan="3"></td></tr>
<tr><td>2.</td><td colspan="2">പാൻ നമ്പർ</td><td colspan="3"></td></tr>
<tr><td>3.</td><td colspan="2">ജി.എസ്.ടി.നം.</td><td colspan="3"></td></tr>
<tr><td>4.</td><td colspan="2">ദർഘാസ് ഫീസിന്റെ<br>ഡിമാന്റ് ഡ്രാഫ് നമ്പർ, തീയതി.</td><td colspan="3"></td></tr>
<tr><td>5.</td><td colspan="2">നിരതദ്രവ്യത്തിന്റെ ഡി.ഡി നമ്പർ, തീയതി</td><td colspan="3"></td></tr>
<tr><td rowspan="3">6.</td><td colspan="5">വാഹനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ</td></tr>
<tr><td>മോഡൽ</td><td>രജി.നം</td><td>രജിസ്റ്റർ ചെയ്ത തീയതി</td><td>കി.മി</td><td>നിറം</td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td>7.</td><td>മാസ വാടക (അക്കത്തി ലും, അക്ഷരത്തിലും)</td><td colspan="4"></td></tr>
<tr><td>8.</td><td>അധിക കിലോമീറ്ററിനു ള്ള വാടക (10 മണിക്കൂറിന് ശേഷം)</td><td colspan="4"></td></tr>
</table>

ദർഘാസ് രേഖയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വാഹനം വാടകയ്ക്ക് നൽകുന്നതിന് ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം :

തീയതി :

ഒപ്പ്

ദർഘാസ് നൽകുന്ന വ്യക്തി/

സ്ഥാപനത്തിന്റെ പേര്

# Kerala State Mental Health Authority

(*Constituted under section 45 of the Mental Healthcare Act 2017*)

---

No. A/936/2025/SMHA 01.01.2026

# <u>തിരുത്തൽ (Corrigendum)</u>

29.12.2025 ലെ ദർഘാസ് പരസ്യം നമ്പർ No. A/936/2025/SMHA ൽ താഴെപറയുന്ന തിരുത്തലുകൾ വരുത്തുന്നു.

1. ഒന്നാം ഖണ്ഡികയിലെ "മിനിമം കിലോമീറ്റർ (പ്രതിമാസം) – 1000" എന്നുള്ളത് "മിനിമം കിലോമീറ്റർ (പ്രതിമാസം) – 1300" ആയി തിരുത്തുന്നു.

2. മൂന്നാം ഖണ്ഡികയിലെ "നിരതദ്രവ്യമായ 4,800/– രൂപ " എന്നുള്ളത് "നിരതദ്രവ്യമായി 4,000/– രൂപ " ആയി തിരുത്തുന്നു.

3. ദർഘാസിലെ 11–ാം നിബന്ധനയിൽ "അധികമായി ഓടിയിട്ടുള്ള (3000 കിലോമീറ്റർ കഴിഞ്ഞുള്ള ദൂരത്തിന്)" എന്നുള്ളത് "അധികമായി ഓടിയിട്ടുള്ള (3900 കിലോമീറ്റർ കഴിഞ്ഞുള്ള ദൂരത്തിന്)" ആയി തിരുത്തുന്നു.

4. ദർഘാസിൽ 33–ാം നിബന്ധനയായി "പ്രതിമാസ ദൂരം കണക്കാക്കുന്നത് ദിവസത്തിൽ ഔദ്യോഗിക കാര്യത്തിന് സേവനം നൽകുവാൻ നിർദേശിക്കുന്ന സ്ഥലം മുതൽ അവസാനിക്കുന്ന സ്ഥലം വരെയായിരിക്കും" എന്ന് കൂട്ടിചേർക്കുന്നു.

(sd/-)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി
ഫോൺ : 0471–2472866

---

RED CROSS ROAD, THIRUVANANTHAPURAM PIN-695 035, SOUTH INDIA. TEL/FAX : 0471 2472866
Website.www.ksmha.org.e-mail: mentalhealthauthoritykerala@gmail.com